No.CEE/4848/2013/KEAM-2014/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>വിജ്ഞാപനം</u>

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ-2014

## <u>അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കാം</u>

2014 ഏപ്രിൽ 21 മുതൽ 23 വരെ തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് **2014 മാർച്ച് 21ാം തീയതി** മുതൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ നൽകിയിട്ടുള്ള **"KEAM 2014-Download Admit Card"** എന്ന ലിങ്ക് വഴി അവരുടെ അപേക്ഷാ നമ്പരും, ജനനത്തീയതിയും നൽകി അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഇങ്ങനെ ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിറ്റ് കാർഡുകൾ പരീക്ഷാ ഹാളിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

അപേക്ഷ സ്വീകരിക്കുന്നതിന് അവശ്യം ഉൾക്കൊള്ളിക്കേണ്ട രേഖകൾ സമർപ്പിച്ചിട്ടില്ലാത്ത ചില വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ താത്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ അവരുടെ അപേക്ഷയിലെ അപാകത സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. കൂടാതെ അപേക്ഷയിലെ അപാകതകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രഫോർമയുടേയും പ്രിന്റൗട്ടുകൾ ലഭിക്കുന്നതാണ്.

**2014 മാർച്ച് 28** ാം തീയതിക്കുള്ളിൽത്തന്നെ അപാകതകൾ പരിഹരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ രേഖകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിലെ അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

അപേക്ഷയോടൊപ്പം വിവിധ സംവരണാനുകൂല്യങ്ങൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള രേഖകളിലോ, കോഴ്സ് സർട്ടിഫിക്കറ്റിലോ അപാകതയുള്ള പക്ഷം, അവ പരിഹരിച്ച് നൽകുന്നതിനുള്ള അവസരം നൽകിക്കൊണ്ട്, അത്തരം വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം നൽകിയിട്ടുണ്ട്. അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കുന്ന വേളയിൽത്തന്നെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതും, അവയെ സംബന്ധിച്ച് തയ്യാറാക്കിയുള്ള മെമ്മോയുടേയും അവ പരിഹരിച്ച് നൽകുന്നതിനാവശ്യമായ പ്രഫോർമയുടേയും പ്രിന്റൗട്ടുകൾ ലഭ്യമാകുന്നതുമാണ്.

അപാകതകൾ പരിഹരിച്ച് **2014 മാർച്ച് 28** ാം തീയതിക്കുള്ളിൽത്തന്നെ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിട്ടുള്ള വിവിധ സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല. ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി മെമ്മോയിൽ നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ ഒഴികെ പുതിയതായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

<u>അപാകതകൾ പരിഹരിച്ച് രേഖകൾ അയയ്ക്കുമ്പോൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത സമയത്ത് അപേക്ഷകനു ലഭിച്ച മെമ്മോയുടെ ഒരു പകർപ്പുകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്.</u>

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾ വെബ്സൈറ്റിൽ നൽകിയിട്ടുള്ള "KEAM-2014-Get your Application Number" എന്ന ലിങ്കിൽ നിന്ന് പേരും, പരീക്ഷാ സെന്ററും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ഫാക്സ്/ഇ–മെയിൽ മുഖാന്തിരം അയച്ചു തരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കേരളത്തിലുടനീളമുള്ള അക്ഷയാ സെന്ററുകളിൽ നിന്നും അപേക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ബാച്ച്ലർ ഓഫ് ആർക്കിടെക്ചർ (B.Arch) കോഴ്സിനുമാത്രം അപേക്ഷിച്ചിട്ടുള്ളവരുടെ "അഡ്മിറ്റ് കാർഡുകൾ" ഡൗൺലോഡ് ചെയ്യാനുള്ള അവസരം പിന്നീട് ലഭ്യമാക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന നമ്പരുകളുമായി ബന്ധപ്പെടാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ : 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ 5 മണിവരെ)

തിരുവനന്തപുരം
20.03.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**